**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.380      19.10.2016-ൽ മറുപടിയ്ക്ക്

## ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ഫിലിം സിറ്റി

**ചോദ്യം**

ശ്രീ എ.പ്രദീപ്കുമാർ
ശ്രീ എ.എം.ആരിഫ്
ശ്രീ എം.സ്വരാജ്
ശ്രീമതി വീണാ ജോർജ്ജ്

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോട്ടുകൂടിയുള്ള ഫിലിം സിറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ തിരുവനന്തപുരം, തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിനെ Kerala Infrastructure and Investment Fund Board (KIIFB) ഫണ്ടുപയോഗിച്ച് 25 കോടി രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ഫിലിംസിറ്റിയായി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) മലയാള സിനിമാ മേഖലയ്ക്ക് ഇത് എങ്ങനെ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ? | (ബി) മലയാള സിനിമാ പ്രവർത്തകർക്ക് പ്രയോജനകരമായ ഒട്ടേറെ പദ്ധതികൾ ഫിലിംസിറ്റി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സിനിമാ നിർമ്മാണത്തിന് ആവശ്യകരമായ ആധുനികമായ ഡിജിറ്റൽ ക്യാമറകൾ, ഔട്ട് ഡോർ യൂണിറ്റുകൾ, അറ്റമോസ് സൗണ്ട് മിക്സിംഗ് മൾട്ടി പർപ്പസ് സെറ്റുകൾ, ഫിലിം മ്യൂസിയം, തീയേറ്ററുകൾ, ഹോട്ടൽ തുടങ്ങിയവയെല്ലാം ഫിലിം സിറ്റിയുടെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. നാനാതരം സെറ്റുകൾ ഒരു ലൊക്കേഷനിൽ സ്ഥാപിക്കുന്നത് എല്ലാ സിനിമാ നിർമ്മാണങ്ങളെയും ആകർഷിക്കും. നിർമ്മാണ ചെലവ് കുറയ്ക്കാനും സഹായിക്കും. വലിയ ബഡ്ജറ്റിലുള്ള സിനിമകളെയും കുറഞ്ഞ ബഡ്ജറ്റിലുള്ള സിനിമകളെയും ഒരേപോലെ സഹായിക്കുവാൻ ഫിലിം സിറ്റിക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫിലിംസിറ്റി യാഥാർത്ഥ്യമാകുമ്പോൾ മലയാള സിനിമകളുടെ നിർമ്മാണത്തിന്റെ 70%വും ചിത്രാഞ്ജലി ഫിലിം സിറ്റിയിലൂടെ പൂർത്തീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ